## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2777 12/10/2011-ൽ മറുപടിക്ക്.

## ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ചാത്തന്നൂരിൽ ആരംഭിക്കുന്ന സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമിക്ക് വേണ്ടി കൊല്ലം ജില്ലാസഹകരണ സ്പിന്നിംഗ് മില്ല് വക വസ്തുവിൽ നിന്നും എത്ര ഏക്കർ ഭൂമിയാണ് ഗവ. വിലക്ക് വാങ്ങിയത്; | (എ) 10 ഏക്കർ. |
| (ബി) പ്രസ്തുത ഭൂമിയിൽ അക്കാഡമിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും, ഇതിനായി എത്ര രൂപയാണ് വകമാറ്റിയിട്ടുള്ളതെന്നും അറിയിക്കുമോ; | (ബി) 01/03/2011-ൽ തറക്കല്ലിട്ട പദ്ധതിക്കായി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പതിനഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) അക്കാഡമിയുടെ നിർമ്മാണപ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുമോ; നിർമ്മാണപ്രവർത്തനത്തിന് പുരോഗതി ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ. തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; | (സി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനും ഇതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമുള്ള പ്രാരംഭ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്ന് വരുന്നത്. |
| (ഡി) നിർമ്മാണം പൂർത്തീകരിക്കുമ്പോൾ അവിടെ ഏതൊക്കെ കോഴ്സുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ? | (ഡി) തുടങ്ങുവാൻ ഉദ്ദേശിക്കുന്ന കോഴ്സുകളെ സംബന്ധിച്ച് സർക്കാർ ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ